"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കമ്പിലൈൻ ഭാഗത്തു നടന്ന അനധികൃത മരം മുറി - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ ത്വരിത പരിശോധന - ശ്രീ.ബി.രാഹുൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.108/2023/F&WLD തീയതി,തിരുവനന്തപുരം, 14-03-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.10.2013-ലെ ഇ6 (ക്യൂവി. 16/2012/ഇടുക്കി) നമ്പർ കത്ത്.
2. 05.09.2021-ലെ FWLD-A2/80/2018-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
3. 08.10.2021 തീയതിയായി ശ്രീ.ബി.രാഹുൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക
4. 29.11.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-61736/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കമ്പിലൈൻ ഭാഗത്ത് നടന്ന മരം മുറിയുമായി ബന്ധപ്പെട്ട് ശ്രീ.സി.എം.അലിയാർ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോട്ടയം മുൻപാകെ പരാതി സമർപ്പിക്കുകയും CMP No. 1289/2012 കേസിലെ കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഇടുക്കി യൂണിറ്റ് ത്വരിത പരിശോധന നടത്തുകയും വെരിഫിക്കേഷനിലെ കണ്ടെത്തലുകൾ അംഗീകരിച്ച് തെറ്റായ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തി.

ആനവിരട്ടി വില്ലേജ് കേരള വൃക്ഷ സംരക്ഷണ നിയമം 1986-ലെ സെക്ഷൻ (5) പ്രകാരം നോട്ടിഫൈ ചെയ്തിരിക്കുന്ന വില്ലേജാണ്. സെക്ഷൻ (5) പ്രകാരം നോട്ടിഫൈ ചെയ്ത ആനവിരട്ടി വില്ലേജിൽ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നത് ജീവനും സ്വത്തിനും ഭീഷണിയാണെന്നോ, ഉണങ്ങിയതോ, കേടുവന്നതോ, കാറ്റത്ത് വീണതോ മുതലായ കാരണങ്ങളാലാണ്. അടിമാലി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അതേ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി The Kerala Preservation of Trees Act 1986 സെക്ഷൻ 4 & 5 പ്രകാരവും അനുമതി നൽകി. ഇക്കാര്യത്തിൽ അടിമാലി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ബി.രാഹുലിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ടിയാന്റെ നടപടി ഗുരുതര കൃത്യവിലോപമാണെന്നും ആയതിനാൽ ശ്രീ.ബി.രാഹുലിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 16 പ്രകാരം ലഘു ശിക്ഷയ്ക്കുള്ള

കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. Kerala Forest (Preservation, Reproduction and Disposal of Trees and Timber belonging to Government but Grown on Lands in the occupation of Private Persons) Rules 1975 Rule (4) & (8), (9) എന്നിവ പ്രകാരം സ്വകാര്യ ഉടമകൾക്ക് അവരവരുടെ പട്ടയ സ്ഥലത്ത് റിസർവ്വ് ചെയ്തിരിക്കുന്ന സർക്കാർ വക മരങ്ങൾ കൃഷി ആവശ്യത്തിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മുൻകൂർ അനുമതിയോടെ മരവില അടച്ച് മുറിക്കാവുന്നതിന്റെ അടിസ്ഥാനത്തിലാണ് ടി മരങ്ങൾ മുറിക്കാൻ ശുപാർശ ചെയ്തതെന്നും, ടി മരങ്ങൾ മാർക്ക് ചെയ്യുകയും അത് മുറിക്കാൻ കട്ടിംഗ് ഓർഡർ നൽകുകയും ചെയ്തതെന്നും, ടി അപേക്ഷകന്റേത് വ്യാജ പട്ടയത്തിൽപ്പെട്ട സ്ഥലമാണ് എന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭിച്ച സന്ദേശത്തിനെത്തുടർന്ന് ടി മരങ്ങൾ മുറിക്കുന്നത് നിർത്തുകയുണ്ടായെന്നും, മരങ്ങൾ മുറിക്കാവുന്നതാണോ സർക്കാരിന്റേതാണോ എന്നെല്ലാം അന്വേഷിച്ച് ബോദ്ധ്യപ്പെടുന്നതിലേക്ക് ഫീൽഡ് സ്റ്റാഫിനെ നിയോഗിച്ച് അന്വേഷണം നടത്തണമെന്നുള്ളതുകൊണ്ടാണ് അപേക്ഷകനായ കൊച്ചുപുരയ്ക്കൽ മത്തായി എന്നയാളോട് അപേക്ഷ നൽകുവാൻ ആവശ്യപ്പെട്ടതെന്നും, ചട്ടവും നിയമവും പ്രകാരം ഡിസ്റിസർവ്വ് ചെയ്യാത്ത മേഖലയിൽ മരംമുറിക്കുന്നതിനുള്ള നടപടികൾ മാത്രമാണ് കൈക്കൊണ്ടതെന്നും, ആനവിരട്ടി വില്ലേജ് ഓഫീസർ 25/05/2012-ലെ 186/12 നമ്പർ കത്ത് പ്രകാരം ടി സ്ഥലം അപേക്ഷകന്റെ കൈവശത്തിലും കരം തീരുവയിലും ഉള്ളതാണെന്നും എൽ.എ. 17/92 പ്രകാരം പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയാണെന്നും മുൻകാലത്ത് അതേ വസ്തുവിൽ നടന്ന നടപടിക്രമങ്ങൾ ബോദ്ധ്യപ്പെട്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ആധാരമാക്കിയും മാത്രമാണ് മരങ്ങൾ മുറിക്കുന്നതിന് ശുപാർശ നൽകിയതെന്നും, എന്നാൽ മൂന്നാറിലെ പട്ടയങ്ങളുടെ നിജസ്ഥിതിയെപ്പറ്റി സംശയം തോന്നിയ സാഹചര്യത്തിൽ കൃത്യനിഷ്ഠയോടെ ഇടപെടുകയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശപ്രകാരം നൽകിയ ഉത്തരവ് മരവിപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും, ആനവിരട്ടി വില്ലേജിൽ 2018 മുതൽ 1964 ലെ Land Assignment-ൽ കൊടുത്ത പട്ടയഭൂമികളെ സെക്ഷൻ-5 ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് GO-9/2018-Forest 25/07/2018, SRO No. 511/2018 ഉത്തരവ് ഇറങ്ങിയിട്ടുണ്ടെന്നും, നിലവിൽ ഈ പുരയിടങ്ങളെല്ലാം സെക്ഷൻ- 5 നോട്ടിഫിക്കേഷന്റെ പരിധിയിൽ നിന്നും മാറ്റപ്പെട്ട് കഴിഞ്ഞുവെന്നും, മരംമുറിക്കുന്നതിനുള്ള അനുമതി നൽകുന്നത് എല്ലാ നിയമങ്ങളും പാലിച്ച് പരമാവധി ശ്രദ്ധ ചെലുത്തിയാണ് ചെയ്തതെന്നും, സർവ്വീസിൽ കയറി രണ്ട് വർഷം മാത്രം പരിചയമുള്ള അവസരത്തിലാണ് അടിമാലി റെയിഞ്ചിന്റെ ചാർജ്ജിൽ വരുന്നതെന്നും, പരിചയക്കുറവ് മൂലം സംഭവിച്ച നോട്ടപ്പിശക് കൊണ്ട് മാത്രം ഉണ്ടായതാണെന്നും ഓർഡറിൽ പിശക് വന്നത് ഉടനെ തന്നെ തിരുത്തുകയുണ്ടായെന്നും സർക്കാരിന് യാതൊരു വിധ നഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാൽ, തുടർ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.രാഹുൽ.ബി. പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

Kerala Forest (Preservation, Reproduction and disposal of trees and timber belonging to Government but grown on lands in the occupation of private persons) Rules 1975 പ്രകാരം സ്വകാര്യ ഉടമകൾക്ക് പട്ടയസ്ഥലത്ത് നിൽക്കുന്ന സർക്കാർ വക മരങ്ങൾ സ്വന്തം ആവശ്യത്തിനായി മരവില അടച്ച് ഉപയോഗിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി ആവശ്യമാണെന്നിരിക്കെ ശ്രീ.മത്തായി ടിയാന്റെ പട്ടയസ്ഥലത്ത് റിസർവ്വ് ചെയ്ത് നിർത്തിയിരുന്ന മരങ്ങൾ ടിയാന്റെ ആവശ്യത്തിലേക്ക് മരവില അടച്ച് സ്വന്തമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും റെയിഞ്ച് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുമതി നല്കുകയുണ്ടായതെന്നും തടികളുടെ സീനിയറേജ് നിരക്ക് പ്രകാരമുള്ള തുകയുടെ അനുബന്ധ നികുതികളും ഒടുക്കുവാൻ ആവശ്യമായ ചെലാൻ അപേക്ഷകന് നൽകുകയും പണം ഒടുക്കിയതിന് ശേഷം മരങ്ങൾ മുറിക്കുവാൻ അനുമതി നൽകേണ്ടതുമാണ് എന്ന് റെയിഞ്ച് ഓഫീസർക്ക് കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു . ടി അപേക്ഷയിൽ ഉൾപ്പെട്ട സ്ഥലം കേരള വൃക്ഷസംരക്ഷണ നിയമം സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രദേശമാണെന്നും സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ മരങ്ങൾ മുറിയ്ക്കുവാൻ അനുവാദം നൽകുന്നതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെയാണ് ടി നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളതെന്നും ഇത്തരം സ്ഥലത്തുനിന്നും മരങ്ങൾ dead/diseased/danger to life and property എന്നീ നിബന്ധനകളിൽ മാത്രമെ മുറിക്കുവാൻ അനുവദിക്കാൻ സാധിക്കുവെന്നും മാത്രമല്ല danger to life and property എന്നത് നിശ്ചയിക്കാനുള്ള (G.O.(Rt) No 64/2000/F&WLD) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടിയാൻ പാലിച്ചിട്ടില്ലാത്തതാണെന്നും മരം മുറിക്കാൻ അനുവാദം നൽകിയെങ്കിലും ഒരു മരം മാത്രമേ മുറിച്ചിട്ടുള്ളുവെന്നും പട്ടയം വ്യാജമാണെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കി മരങ്ങൾ മുറിക്കുന്നത് റേഞ്ച് ഓഫീസർ തന്നെ തടഞ്ഞിട്ടുണ്ടെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം

മരംമുറിക്ക് അനുമതി നൽകിയ ഭൂമിയിൽ permanent construction ഇല്ലായെന്നും ആരുംതന്നെ ടി ഭൂമിയിൽ താമസിക്കുന്നില്ലായെന്നും കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ KPT Act പ്രകാരം റേഞ്ച് ഓഫീസർ നൽകിയ അനുമതി വസ്തുതകൾ പരിഗണിക്കാതെ ആണെന്നും മേൽ വിവരിക്കുന്നതുപോലെ കേരള വൃക്ഷസംരക്ഷണ നിയമം സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രദേശത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നത് ജീവനും സ്വത്തിനും ഭീഷണിയാണെന്നോ, ഉണങ്ങിയതോ കേടുവന്നതോ, കാറ്റത്ത് വീണതോ മുതലായ കാരണങ്ങൾ കൊണ്ടാണെന്നും ടി പ്രദേശത്തെ പട്ടയങ്ങളുടെ ആധികാരികത സംബന്ധിച്ച് സംശയങ്ങൾ മുമ്പേ ഉണ്ടായിരുന്നിട്ടും ആയതിന്റെ നിജസ്ഥിതിയോ സ്ഥലത്തിന്റെ സ്റ്റാറ്റസോ (Section 5 notified area, Reserve Forest എന്നിങ്ങനെ) ബാധകമായ നിയമങ്ങളോ ചട്ടങ്ങളോ പരിഗണിക്കാതെ തെറ്റായ കീഴ്വഴക്കം മുൻനിർത്തി അപേക്ഷകന് അനുകൂലമായ റിപ്പോർട്ട് നൽകുകയാണ് ടിയാൻ ചെയ്തതെന്നും Danger Petition പരിഗണിക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചാണ് റിപ്പോർട്ട് നൽകിയതെന്നും ടി പട്ടയം വ്യാജമാണെന്ന് പിന്നീട് തെളിഞ്ഞിട്ടുള്ളതുമാണെന്നും മുൻപ് പാസ് നൽകിയത് കീഴ്വഴക്കമായി കണക്കാക്കിയാണ് മരംമുറിക്ക് ശുപാർശ ചെയ്തതെന്ന വാദം ടിയാന്റെ ചെയ്തികളെ സാധൂകരിക്കുന്നതിനാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടെന്നും നിയമ വിജ്ഞാനവും പരിശീലനവും ലഭിച്ച ഒരു റെയിഞ്ചാഫീസർ, സെക്ഷൻ 5 നോട്ടിഫൈഡ് ഏരിയ ആണെന്ന് അറിഞ്ഞിട്ടും 12 മരങ്ങൾ മരവില അടച്ച് മുറിക്കുവാൻ ശുപാർശ ചെയ്തത് തെറ്റാണെന്നും ടിയാന്റെ വാദമുഖങ്ങൾ അംഗീകരിക്കാനാവില്ലെങ്കിലും പരിചയക്കുറവുമൂലമുള്ള നോട്ടപിശക് ഉണ്ടായിട്ടുള്ളതായി ടിയാൻ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ മുമ്പാകെ സമ്മതിച്ചിട്ടുള്ളതിനാലും പിശക് കണ്ടുപിടിച്ചപ്പോൾ തന്നെ തുടർനടപടികൾ എടുത്തിട്ടുള്ളതിനാലും, ടി വിഷയത്തിൽ സർക്കാർ നഷ്ടം ഉണ്ടായിട്ടില്ലായെന്നത് പരിഗണിച്ചും ടിയാൻ റെയിഞ്ച് ഓഫീസറായി 2 വർഷത്തെ സർവ്വീസ് പരിചയം മാത്രം ഉള്ളപ്പോഴാണ് പ്രസ്തുത സംഭവം നടന്നത് എന്നത് പരിഗണിച്ചും ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 4 ) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച മേൽ വിഷയത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും, ശ്രീ.ബി.രാഹുൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച വിശദീകരണം കണക്കിലെടുത്തും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും മുഖവിലയ്ക്കെടുത്ത് ഉദാരപരമായ സമീപനം കൈക്കൊണ്ട് മേലിൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വേളയിൽ കൂടുതൽ അവധാനതയോടെ ചെയ്യുന്നതിനായി ശാസന (സെൻഷർ) നൽകി കൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.ബി.രാഹുൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് ( 18/ഇ3/2023/വിജ്. നമ്പർ പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 14-03-2023 15:11:22
സെക്ഷൻ ഓഫീസർ